പ്രകാരം സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള റിട്ടേൺ പ്രകാരം വിറ്റുവരവല്ലാതെ അളവ്/തുക വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) കഴിഞ്ഞവർഷം സ്വർണ്ണവ്യാപാര മേഖലയിൽനിന്നും ലഭിച്ച നികുതി 456.76 കോടി രൂപയാണ്. നികുതി വെട്ടിപ്പ് കണ്ടെത്തുന്ന കേസുകളിൽ വകുപ്പ് നികുതി പുനഃനിർണ്ണയം നടത്താറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 ധനകാര്യ നിയമപ്രകാരം സ്വർണ്ണവ്യാപാരത്തിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന വ്യാപാരികൾക്ക് അവരുടെ വിറ്റുവരവ്, കോമ്പൗണ്ടിംഗിൽ തുടരുന്ന കാലാവധി എന്നിവ ആസ്പദമാക്കി 2013-14 മുൻകാല പ്രാബല്യത്തോടുകൂടി നികുതി നിരക്കിൽ കുറവ് നൽകുകയുണ്ടായി. അതിനെ തുടർന്ന് 2013-14 ൽ അടച്ച അധികനികുതി 2014-15-ൽ അടയ്ക്കേണ്ട നികുതിയിൽ ചിലർ തട്ടിക്കിഴിച്ചതിനെത്തുടർന്ന് നികുതി പിരിവിൽ ചെറിയ കുറവുണ്ടായിട്ടുണ്ട്.

ഓൺലൈൻ വ്യാപാരം

126(2115) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന വ്യാപാരത്തിൽ ഓൺലൈൻ വ്യാപാരത്തിന്റെ പങ്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓൺലൈൻ വ്യാപാരത്തിലൂടെയുള്ള നികുതി നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) ഓൺലൈൻ വ്യാപാരത്തിന്റെ വർദ്ധനവ് ആഭ്യന്തരവിപണിയെയും ചെറുകിട സംരംഭകരെയും ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ചരക്കുസേവന നികുതി (ജി.എസ്.ടി.) ഏർപ്പെടുത്തുന്നതോടെ ഓൺലൈൻ വ്യാപാരത്തെയും ഇതുവഴിയുള്ള നികുതി നഷ്ടത്തെയും നിയന്ത്രിക്കുവാൻ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഭൂരിഭാഗം സ്ഥാപനങ്ങളും കേരളത്തിൽ രജിസ്ട്രേഷൻ എടുക്കുകയോ കണക്കുകൾ സമർപ്പിക്കുകയോ ചെയ്യുന്നില്ല. ഉപഭോക്താക്കളുടെ പേരിൽ ബിൽ ചെയ്യുവരുന്ന സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്. അതിനാൽത്തന്നെ സംസ്ഥാനത്ത് നടക്കുന്ന ഓൺലൈൻ വ്യാപാരത്തിന്റെ വ്യാപ്തിയെക്കുറിച്ചുള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്ന് നിയമപരമായി കേരളത്തിലേയ്ക്ക് നടത്തുന്ന വില്പന, കേന്ദ്ര വില്പന നികുതി നിയമം അനുവദിച്ചിട്ടുള്ളതാണ്. അത്തരം വ്യാപാരങ്ങൾ തടയുവാൻ ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അന്തർസംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. വ്യക്തമായ നിയമത്തിന്റെ അഭാവം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. എന്നാൽ ഓൺലൈൻ വില്പന പ്രക്രിയയുടെ ചില വസ്തുതകൾ പരിശോധിച്ച് അത് സംസ്ഥാനത്തിനകത്തെ വില്പനയായി പരിഗണിക്കേണ്ടതാണെന്നും ആയതിനാൽ നികുതി ബാധ്യത ഉണ്ടെന്നും കാണിച്ച് ചില സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. അതിനെതിരെ ഓൺലൈൻ വ്യാപാരികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ഓൺലൈൻ വ്യാപാര മേഖലയെക്കുറിച്ച് പഠിക്കുന്നതിന് വാണിജ്യ നികുതി വകുപ്പിലെ ജോയിന്റ് കമ്മീഷണർ-I അദ്ധ്യക്ഷയായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിയമ നിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകൾ അതിന്റെ പ്രാരംഭഘട്ടത്തിലാണ്. വ്യാപാരിയിൽനിന്ന് ഉപഭോക്താക്കളിലേയ്ക്കുള്ള അന്തർസംസ്ഥാന കൈമാറ്റങ്ങൾ ഉൾപ്പെട്ട പ്രാപ്യസ്ഥാന തത്വം ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ഭരണഘടനാഭേദഗതിയിൽത്തന്നെ ഉൾപ്പെടുത്തണം എന്ന നിലപാടാണ് സർക്കാർ എടുത്തിട്ടുള്ളത്. ചരക്ക് സേവന നികുതി ഒരു പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സംവിധാനമാകയാൽ ഓൺലൈൻ വ്യാപാരത്തിലൂടെ മറ്റുസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ ഉപഭോക്താക്കൾ വാങ്ങുന്ന വസ്തുക്കളുടെ നികുതി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പ് ഇ-കൊമേഴ്സ് രംഗത്തെ ഇടപാടുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഇ-കൊമേഴ്സ് വെബ് സൈറ്റുകൾ ഉള്ള എല്ലാ കമ്പനികളും സ്ഥാപനങ്ങളും അത്തരം സൈറ്റുകളിലൂടെ സംസ്ഥാനത്തിന് അകത്തേയ്ക്കും പുറത്തേയ്ക്കും നടത്തുന്ന പ്രതിമാസ വില്പനയുടെ

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ ഫയൽ ചെയ്യുന്നതിന് ബാദ്ധ്യസ്ഥരായിരിക്കും എന്ന വ്യവസ്ഥ 2015-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നികുതിയിളവുകൾ

127(2116) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഇനങ്ങളിൽ നികുതിയിളവുകൾ നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത ഇനങ്ങൾക്ക് 2011 മേയ് മാസത്തിന് മുൻപുണ്ടായിരുന്ന നികുതിയും ഈ സർക്കാർ നൽകിയ ഇളവുകൾ ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, രജിസ്ട്രേഷൻ ഡ്യൂട്ടി, മോട്ടോർ വാഹന നികുതി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

(ബി) കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയിൽ 2011 മേയ് മാസത്തിന് മുമ്പുണ്ടായിരുന്ന നികുതി സംബന്ധിച്ച വിവരം അനുബന്ധം ബി ആയി ചേർക്കുന്നു.* ഈ സർക്കാർ നൽകിയ ഇളവുകൾ സംബന്ധിച്ച വിവരം അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

നായരമ്പലം സബ് ട്രഷറി

128(2117) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായരമ്പലം സബ്ട്രഷറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടും ഇതുവരെയും തുറന്ന് പ്രവർത്തിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ കെട്ടിത്തിൽ സബ്ട്രഷറിയുടെ പ്രവർത്തനം സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly